<u>പതിമൂന്നാം കേരള നിയമസഭ</u>

<u>എട്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2193 26.3.2013 ലെ മറുപടിക്ക്

## <u>മരത്തടികൾക്ക് വിൽപ്പന നികുതി</u>

| <u>ചോദ്യം</u><br><br>ശ്രീമതി. കെ.കെ. ലതിക | | <u>ഉത്തരം</u><br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന തടികൾക്ക് വിൽപ്പന നികുതി ചുമത്തുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന തടികൾക്ക് രജിസ്റ്റേർഡ് വ്യാപാരി മുൻകൂർ നികുതി വാണിജ്യ നികുതി ചെക് പോസ്റ്റിൽ അടയ്ക്കേണ്ടതുണ്ട്. റിട്ടേൺ ഫയൽ ചെയ്യുമ്പോൾ ഇപ്രകാരം അടച്ച നികുതിയ്ക്ക് ക്രെഡിറ്റ് നൽകുന്നതാണ്. **Under Valuation** വഴി നികുതി ചോർച്ച ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ചിലതരം തടികൾക്ക് തറ വില നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഇവയ്ക്ക് തറ വിലയുടെ അടിസ്ഥാനത്തിലാണ് മുൻകൂർ നികുതി ഈടാക്കുന്നത്. അല്ലാത്ത തടികൾക്ക് ഇൻവോയ്സ് വില, കടത്തുകൂലി, ഗ്രോസ് പ്രോഫിറ്റ് എന്നിവ കണക്കിലെടുത്താണ് ചെക് പോസ്റ്റിൽ നികുതി നിശ്ചയിക്കുന്നത്. ഇപ്രകാരം മുൻകൂർ ഈടാക്കുന്ന നികുതിയ്ക്ക് ക്രെഡിറ്റ് അനുവദിയ്ക്കുന്ന തുക അടുത്ത മാസത്തെ റിട്ടേൺ പ്രകാരം അടയ്ക്കേണ്ട നികുതിയിൽ തട്ടിക്കിഴിക്കാവുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | വനം വകുപ്പ് വില നിശ്ചയിക്കാത്ത തടികൾക്ക് ഏതു വിധത്തിലാണ് വാണിജ്യ നികുതി വകുപ്പ് വില കണക്കാക്കുന്നതെന്നും നികുതി ഈടാക്കുന്നതെന്നും വ്യക്തമാക്കുമോ ; | (ബി) & (സി) | വനം വകുപ്പ് നിശ്ചയിക്കുന്ന വില തറവില കണക്കാക്കുന്നതിൽ ഒരു മാനദണ്ഡം മാത്രമാണ്. തറവില നിശ്ചയിച്ചിരിക്കുന്നത് സംസ്ഥാനത്തിനു പുറത്തു നിന്നും കൊണ്ടു വരുന്ന തടികൾക്ക് മുൻകൂർ നികുതി ഈടാക്കാൻ ഒരു ഏകീകൃത നിരക്കിനു വേണ്ടിയാണ്. മൂല്യവർദ്ധിത നികുതിയെ സംബന്ധിച്ച് അന്തിമ ഉപഭോക്താവിന് ലഭ്യമാകുന്ന വിപണി വിലയാണ് പ്രസക്തം. |
| (സി) | വനം വകുപ്പ് വില നിശ്ചയിക്കാത്ത മരങ്ങൾക്ക് വില നിശ്ചയിക്കുന്നതിനും വിൽപന നികുതി ഈടാക്കുന്നതിനും വാണിജ്യ നികുതി വകുപ്പ് ഒരു ഏകീകൃത മാനദണ്ഡം ആവിഷ്ക്കരിച്ച് നടപ്പാക്കുമോ എന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ